"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആയുർവേദ ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കും ഔഷധങ്ങൾ വിതരണം ചെയ്യുന്നതിന് പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് നൽകിയിരുന്ന അനുമതിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1214/2022/LSGD തീയതി,തിരുവനന്തപുരം, 13-05-2022

പരാമർശം:- 1. സ.ഉ.(സാധാ) നം.777/2022/ത.സ്വ.ഭ.വ; തീയതി 30.03.2022

2. പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റി സെക്രട്ടറിയുടെ 16.04.2022 ലെ കത്ത്

ഉത്തരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആയുർവേദ ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കും ആവശ്യമായ ആയുർവേദ ഔഷധങ്ങൾ വിതരണം ചെയ്യുന്നതിന് കണ്ണൂർ പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് നൽകിയിരുന്ന അനുമതി, സൊസൈറ്റി സമർപ്പിച്ചിരുന്ന ജി.എം.പി. സർട്ടിഫിക്കറ്റിന്റെ കാലാവധി അവസാനിക്കുന്ന 27/10/2022 വരെ ദീർഘിപ്പിച്ച് നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. സൊസൈറ്റി സംസ്ഥാന ഡ്രഗ്സ് കൺട്രോളർക്ക് നൽകിയ അപേക്ഷ പരിഗണിച്ച് ജി.എം.പി സർട്ടിഫിക്കറ്റ് പുതുക്കി ലഭിച്ചിട്ടുണ്ടെന്നും ആയത് പ്രകാരം പരാമർശിത ഉത്തരവ് ഭേദഗതി ചെയ്ത് നൽകണമെന്നും പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റി സെക്രട്ടറി പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആയുർവേദ ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കും ആവശ്യമായ ആയൂർവ്വേദ ഔഷധങ്ങൾ വിതരണം ചെയ്യുന്നതിന് കണ്ണൂർ പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് പരാമർശിത ഉത്തരവ് പ്രകാരം 27/10/2022 വരെ ദീർഘിപ്പിച്ച് നൽകിയിരുന്ന അനുമതി, പുതിയ ജി.എം.പി. സർട്ടിഫിക്കറ്റിന്റെ കാലാവധിക്കനുസൃതമായി, 09/03/2027 തീയതി വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റി, കിഴക്കേ കതിരൂർ, കണ്ണൂർ - 670642

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്
എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ഡയറക്ടർ ജനറൽ, കില
ആയുഷ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sureshkumar K
Date: 13-05-2022 15:03:33
സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്